| 01–05–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ– നിങ്ങൾ തെളിയിച്ച് പറഞ്ഞ് കൊടുക്കൂ അതായത് പരിധിയില്ലാത്ത ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്, ബാബ സർവ്വവ്യാപിയാകുകയില്ല.**

**ചോദ്യം –** ഈ സമയം ലോകത്തിൽ അതിയായ ദു:ഖം എന്തുകൊണ്ടാണ്, ദു:ഖത്തിന്റെ കാരണം കേൾപ്പിക്കൂ?
**ഉത്തരം –** മുഴുവൻ ലോകത്തിലും ഈ സമയം രാഹുവിന്റെ ദശയാണ്, ഇതുകാരണമാണ് ദു:ഖം. വൃക്ഷപതിയായ ബാബ എപ്പോഴാണോ വരുന്നത് അപ്പോൾ എല്ലാവർക്കും ബൃഹസ്പതി ദശയാണ്. സത്യയുഗത്തിലും ത്രേതായുഗത്തിലും ബൃഹസ്പതി ദശയാണ്, രാവണന്റെ പേരോ അടയാളമോ പോലുമില്ല. അതുകൊണ്ട് അവിടെ ദു:ഖമില്ല. ബാബ വന്നിരിക്കുകയാണ് സുഖധാമത്തിന്റെ സ്ഥാപന ചെയ്യാൻ, അവിടെ ദു:ഖമേയില്ല.

**ഓം ശാന്തി.** മധുരമധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരികയാണ്. കാരണം എല്ലാ കുട്ടികൾക്കും അറിയാം – നമ്മൾ ആത്മാവാണ്. വളരെ ദൂരെ നമ്മുടെ വീട്ടിൽനിന്നും വന്നിരിക്കുകയാണ്. നമ്മൾ ഈ ശരീരത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു, പാർട്ട് അഭിനയിക്കാൻ. പാർട്ട് ആത്മാവാണ് അഭിനയിക്കുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയുടെ ഓർമ്മയിൽ കുട്ടികൾ ഇവിടെ ഇരിക്കുന്നു. കാരണം ബാബ മനസ്സിലാക്കിത്തന്നു ഓർമ്മയിലൂടെ നിങ്ങൾ കുട്ടികളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഭസ്മമാകും. ഇതിനെ യോഗം എന്നും പറയേണ്ട. യോഗം സന്യാസികളാണ് പഠിപ്പിക്കുന്നത്. വിദ്യാർത്ഥിക്ക് ടീച്ചറുമായി യോഗം ഉണ്ടാകും, കുട്ടികൾക്ക് അച്ഛനുമായും യോഗം ഉണ്ടാകും ഇത് ആത്മാക്കളുടേയും പരമാത്മാവിന്റേയും അതായത് കുട്ടികളും അച്ഛനും തമ്മിലുള്ള കൂടിക്കാഴ്ചയാണ്. ഇത് മംഗളകരമായ കൂടിക്കാഴ്ചയാണ്. ബാക്കി എല്ലാം തന്നെ അമംഗളകാരിയാണ് . പതിതമായ ലോകമല്ലേ. നിങ്ങൾ പ്രദർശനികളിലോ മ്യൂസിയത്തിലോ മനസ്സിലാക്കിക്കൊടുക്കുമ്പോൾ ആത്മാവിന്റേയും പരമാത്മാവിന്റേയും പരിചയം ശരിയായ രീതിയിൽ കൊടുക്കണം. ആത്മാക്കളെല്ലാവരും പരംപിതാപരമാത്മാവും പരംധാമത്തിലാണ് വസിക്കുന്നത്. മനുഷ്യരാരും തന്നെ തന്റെ ലൗകിക പിതാവിനെ പരംപിതാവെന്ന് പറയില്ല. പരംപിതാവിനെ ദു:ഖത്തിലാണ് ഓർമ്മിക്കുന്നത് – അല്ലയോ പരമാത്മാ എന്ന് വിളിക്കുന്നു. പരമാത്മാ വസിക്കുന്നത് പരംധാമത്തിലാണ്. ഇപ്പോൾ നിങ്ങൾ ആത്മാവിന്റേയും പരമാത്മാവിന്റേയും ജ്ഞാനം മനസ്സിലാക്കി കൊടുക്കണം. കേവലം 2 പിതാവുണ്ട് ഇങ്ങനെ മനസ്സിലാക്കി കൊടുത്താൽ പോരാ. ബാബ പിതാവുമാണ്, ടീച്ചറുമാണ് – ഇത് തീർച്ചയായും മനസ്സിലാക്കിക്കൊടുക്കണം. നമ്മളെല്ലാവരും സഹോദരങ്ങളാണ് ബാബ എല്ലാ ആത്മാക്കൾക്കും പിതാവാണ്. ഭക്തിമാർഗ്ഗത്തിൽ എല്ലാവരും ഭഗവാൻ പിതാവിനെ ഓർമ്മിക്കുന്നു. കാരണം ഭഗവാനിൽ നിന്നും ഭക്തിയുടെ ഫലം ലഭിക്കുന്നു. അഥവാ ബാബയിൽ നിന്നും കുട്ടികൾ സമ്പത്ത് എടുക്കുന്നു. ഭഗവാൻ ഭക്തിയുടെ ഫലം നൽകുന്നത് കുട്ടികൾക്കാണ്. എന്ത് ഫലമാണ് നൽകുന്നത്? വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. പക്ഷേ നിങ്ങൾക്ക് കേവലം അച്ഛനെ മാത്രം തെളിയിച്ചാൽ പോര. അച്ഛനുമാണ് പഠിപ്പ് നൽകുന്ന ടീച്ചറാണ്, സദ്ഗുരു കൂടിയാണ്. ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കുമ്പോൾ സർവ്വവ്യാപി എന്ന ചിന്ത ഇല്ലാതാകും. ഇത് കൂട്ടിച്ചേർക്കുക തന്നെ വേണം. ബാബ ജ്ഞാനത്തിന്റെ സാഗരനാണ് വന്ന് രാജയോഗം പഠിപ്പിക്കുകയാണ്. പറയൂ ബാബ ടീച്ചറുമാണ് പഠിപ്പ് നൽകുന്ന ആളാണ്, പിന്നെങ്ങനെ സർവ്വവ്യാപിയാകും. ടീച്ചർ വേറെ, വിദ്യാർത്ഥി വേറെയല്ലേ. എങ്ങനെയാണോ അച്ഛൻ വേറെ, കുട്ടികൾ വേറെയാകുന്നത് അതുപോലെ. ആത്മാക്കൾ പരമാത്മാവിനെ ഓർമ്മിക്കുന്നു, മഹിമയും ചെയ്യുന്നു. ബാബയാണ് മനുഷ്യസൃഷ്ടിയുടെ ബീജരൂപൻ. ബാബ വന്ന് നമുക്ക് മനുഷ്യസൃഷ്ടിയുടെ ആദി–മധ്യ–അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നു. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു, നമ്മളെ സ്വർഗ്ഗവാസിയാക്കി മാറ്റുന്നു. ഇത് കൂടെ മനസ്സിലാക്കി തരുന്നു നമുക്ക് 2 അച്ഛൻമാരാണുള്ളത്. ലൗകിക പിതാവ് പാലന നൽകി ടീച്ചറുടെയടുത്ത് പറഞ്ഞയക്കുന്നു പഠിക്കുന്നതിനുവേണ്ടി. പിന്നീട് 60 വയസ്സിനു ശേഷം വാനപ്രസ്ഥാവസ്ഥയിലേക്ക് പോകുന്നതിനുവേണ്ടി ഗുരുവിനെ സമീപിക്കുന്നു. അച്ഛനും, ടീച്ചറും, ഗുരുവും വേറെ വേറെയാണ് പരിധിയില്ലാത്ത ബാബ സർവ്വാത്മാക്കൾക്കും പിതാവാണ്, ജ്ഞാനത്തിന്റെ സാഗരനാണ്. മനുഷ്യസൃഷ്ടിയുടെ ബീജരൂപൻ സത്ചിത്ത് ആനന്ദസ്വരൂപനാണ്. സുഖത്തിന്റെ സാഗരനാണ് ശാന്തിയുടെ സാഗരനാണ്. ബാബയുടെ മഹിമ ചെയ്യാൻ ആരംഭിക്കൂ. കാരണം ലോകത്തിൽ അഭിപ്രായവ്യത്യാസങ്ങൾ വളരെയാണ്. സർവ്വവ്യാപിയാണെങ്കിൽ ടീച്ചറായി മാറി എങ്ങനെ പഠിപ്പിക്കും! എല്ലാവരേയും കൊണ്ടുപോകുന്ന സദ്ഗുരു കൂടിയാണ്. വഴികാട്ടിയുമാണ്. പഠിപ്പിക്കുന്നു അതായത്

ഓർമ്മിക്കാനാണ് പഠിപ്പിക്കുന്നത്. ഭാരതത്തിന്റെ പ്രാചീനരാജയോഗം മഹിമയുള്ളതാണ്. പഴയതിലും പഴയത് സംഗമയുഗമാണ്. പുതിയതിന്റേയും പഴയ ലോകത്തിന്റേയും നടുവിൽ. നിങ്ങൾ മനസ്സിലാക്കി ഇന്നത്തേക്ക് 5000 വർഷത്തിനുമുമ്പ് ബാബ വന്ന് തന്റേതാക്കി മാറ്റിയിരുന്നു. നമ്മുടെ ടീച്ചറും സദ്ഗുരുവുമായി മാറിയതാണ്. ബാബ നമ്മുടെ പിതാവു മാത്രമല്ല, ജ്ഞാനത്തിന്റെ സാഗരനായ ടീച്ചറുമാണ്, നമ്മളെ പഠിപ്പിക്കുന്നു സൃഷ്ടിയുടെ ആദിമധ്യഅന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുന്നു. കാരണം ബീജരൂപനാണ്, വൃക്ഷപതിയുമാണ്. എപ്പോഴാണോ ഭാരതത്തിലേക്ക് വരുന്നത് അപ്പോൾ ഭാരതത്തിൽ ബൃഹസ്പതിദശയുണ്ടാകുന്നു. സത്യയുഗത്തിൽ എല്ലാവരും സദാ സുഖികളും ദേവീ ദേവതകളുമായിരുന്നു. എല്ലാവരിലും ബൃഹസ്പതീദശയാണുള്ളത് എപ്പോഴാണോ ലോകം തമോപ്രധാനമാകുന്നത് അപ്പോൾ എല്ലാവരിലും രാഹുവിന്റെ ദശയാകും. വൃക്ഷപതിയെ ആരും അറിയുന്നില്ല. അറിയാതെ എങ്ങനെ സമ്പത്ത് ലഭിക്കും.

നിങ്ങൾ ഇവിടെ ഇരിക്കുമ്പോൾ അശരീരിയായിരിക്കൂ. ഈ ജ്ഞാനം ലഭിച്ചു – ആത്മാവ് വേറെയാണ്, വീട് വേറെയാണ്. 5 തത്വങ്ങൾ കൊണ്ടാണ് ഈ ശരീരം ഉണ്ടാക്കുന്നത്, അതിലേക്കാണ് ആത്മാവ് പ്രവേശിക്കുന്നത്. എല്ലാവരിലും പാർട്ട് അടങ്ങിയിട്ടുണ്ട്. ആദ്യമാദ്യം മുഖ്യമായ കാര്യം മനസ്സിലാക്കിക്കൊടുക്കൂ. ബാബ സുപ്രീം ആയ പിതാവാണ്, സുപ്രീമായ ടീച്ചറാണ്, ലൗകികത്തിലെ പിതാവ് – ടീച്ചർ – ഗുരുവിന്റെ വ്യത്യാസം പറയുന്നതിലൂടെ പെട്ടെന്ന് മനസ്സിലാക്കും, തർക്കിക്കില്ല. ആത്മാക്കളുടെ പിതാവായ ബാബയിൽ മുഴുവൻ ജ്ഞാനവും അടങ്ങിയിട്ടുണ്ട്. ഇതാണ് വളരെ വലിയ സവിശേഷത. ബാബ നമുക്ക് രചനയുടെ ആദി-മധ്യ-അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുന്നു. മുമ്പ് ഋഷിമുനിമാർ പോലും പറഞ്ഞിട്ടുണ്ടായിരുന്നു ഞങ്ങൾക്ക് രചയിതാവിന്റേയും രചനയുടേയും ആദി-മധ്യ-അന്ത്യത്തെക്കുറിച്ച് അറിയില്ല. കാരണം ആ സമയം അവർ സതോ ആയിരുന്നു. ഓരോ വസ്തുവും സതോപ്രധാനം, സതോ രജോ തമോയിലേക്ക് വരുന്നു. പുതിയതിൽ നിന്നും തീർച്ചയായും പഴയതാകുന്നു നിങ്ങൾക്ക് ഈ സൃഷ്ടിചക്രത്തിന്റെ ആയുസ്സറിയാം. മനുഷ്യർ മറന്നുപോയിരിക്കുന്നു ഇതിന്റെ ആയുസ്സ് എത്രയാണ്. ശാസ്ത്രങ്ങളെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിനുവേണ്ടി ഉണ്ടാക്കിയതാണ്. എല്ലാവരുടെ പിതാവും ഒരാളാണ്. സത്ഗതിദാതാവ് ഒരാളാണ്. ഗുരു അനേകമാണ്. സത്ഗതി നൽകുന്ന സത്ഗുരു ഒരാൾ മാത്രമാകുന്നു. എങ്ങനെയാണ് സത്ഗതിയുണ്ടാകുന്നത് – അത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ആദിസനാതന ദേവീദേവതാധർമ്മത്തെയാണ് സത്ഗതിയെന്ന് പറയുന്നത്. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യരേയുള്ളു. ഇപ്പോൾ എത്രയധികം മനുഷ്യരാണ്. സത്യയുഗത്തിൽ ആദ്യം ദേവതകളുടെ രാജ്യമുണ്ടായിരുന്നു. പിന്നീട് കുലം വർദ്ധിക്കുന്നു. ലക്ഷ്മീനാരായണൻ ഫസ്റ്റ്, സെക്കന്റ്, തേഡ് എന്നിങ്ങനെ. എപ്പോഴാണോ ഫസ്റ്റാകുന്നത് അപ്പോൾ കുറച്ചു പേരേ ഉണ്ടാകൂ. ഇങ്ങനെയുള്ള ചിന്തകൾ കേവലം നിങ്ങൾക്കു മാത്രമാണ്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കി എല്ലാ ആത്മാക്കൾക്കും പിതാവ് ഒരാളാണ്. ബാബ പരിധിയില്ലാത്തതാണ്. പരിധിയുള്ള അച്ഛനിൽ നിന്നും പരിധിയുള്ള സമ്പത്ത് ലഭിക്കുന്നു, പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു – 21 തലമുറക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തി. അവിടെ സത്യയുഗത്തിൽ സ്വയം ആത്മാവാണെന്ന് അറിയാം. ഇവിടെ ദേഹാഭിമാനം കാരണം അറിയുന്നില്ല ആത്മാവാണ് ശരീരം ഉപേക്ഷിച്ച് മറ്റൊരു ശരീരം എടുക്കുന്നത്. ഇപ്പോൾ ദേഹാഭിമാനമുള്ളവരെ ആത്മാഭിമാനിയാക്കി ആരു മാറ്റും. ഈ സമയം ഒരാളും ആത്മാഭിമാനിയല്ല. ബാബ വന്ന് ആത്മാഭിമാനിയാക്കി മാറ്റുന്നു. സത്യയുഗത്തിൽ അറിയാം ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്ത ജന്മം ചെറിയ കുട്ടിയായി മാറി. സർപ്പത്തിന്റെ ഉദാഹരണമുണ്ടല്ലോ, സർപ്പം, ഭ്രമരി, ഇവയെല്ലാം ഉദാഹരണം ഇവിടുത്തേതാണ്. ഈ സമയത്തിന്റേതാണ്. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലും പ്രയോജനപ്പെടും. വാസ്തവത്തിൽ ബ്രാഹ്മണിമാരായ നിങ്ങൾ കീടങ്ങളെ ഊതിയൂതി മനുഷ്യരിൽനിന്നും ദേവതയാക്കി മാറ്റുന്നു. ബാബയിൽ നോളേജുണ്ടല്ലോ. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്, ശാന്തിയുടെ സാഗരനാണ്. എല്ലാവരും ശാന്തി യാചിച്ചുകൊണ്ടേയിരിക്കുന്നു. ശാന്തിദേവനെന്ന് പറഞ്ഞ് ആരെയാണ് വിളിക്കുന്നത്. ശാന്തിയുടെ ദാതാവ് അഥവാ സാഗരൻ. മഹിമയെല്ലാം പാടുന്നുണ്ട് പക്ഷേ അർത്ഥരഹിതമാണ്, ഒന്നും മനസ്സിലാക്കുന്നില്ല. ബാബ പറയുകയാണ് ഈ വേദശാസ്ത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിന്റേതാണ്. 63 ജന്മം ഭക്തി ചെയ്യണം. എത്രയധികം ശാസ്ത്രങ്ങളാണ്. എന്നെ ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ ലഭിക്കുന്നില്ല. എന്നെ വിളിക്കുന്നു വന്ന് പാവനമാക്കി മാറ്റൂ. ഇതാണ് തമോപ്രധാനമായ അഴുക്കുനിറഞ്ഞ ലോകം. ഒരു ഉപയോഗവുമില്ല. എത്ര ദു:ഖമാണ്. ദു:ഖം എവിടെ നിന്നാണ് വന്നത്? ബാബ നിങ്ങൾക്ക് സുഖം തന്നിരുന്നു. എങ്ങനെയാണ് നിങ്ങൾ വീണ്ടും പടികൾ ഇറങ്ങിയത്? പാടാറുണ്ടല്ലോ ജ്ഞാനവും ഭക്തിയും. ജ്ഞാനം ബാബയാണ് കേൾപ്പിക്കുന്നത്, ഭക്തി രാവണനാണ് പഠിപ്പിക്കുന്നത്. ബാബയേയും കാണാൻ കഴിയില്ല, രാവണനേയും കാണാൻ കഴിയില്ല. രണ്ടുപേരേയും ഈ കണ്ണുകൾകൊണ്ട് കാണാൻ സാധിക്കില്ല. ആത്മാവിനെ മനസ്സിലാക്കാൻ സാധിക്കും. നമ്മൾ ആത്മാവാണ്, അപ്പോൾ ആത്മാവിന് പിതാവും

തീർച്ചയായും ഉണ്ട്. അച്ഛൻ ടീച്ചറുമായി മാറുന്നു, ഇങ്ങനെ മറ്റാരും ഉണ്ടാകില്ല.

ഇപ്പോൾ നിങ്ങൾ 21 ജന്മങ്ങളിലേക്കുവേണ്ടി സദ്ഗതി പ്രാപിക്കുന്നു. പിന്നീട് ഒരു ഗുരുവിന്റെയും ആവശ്യം വരില്ല. ബാബ എല്ലാവർക്കും പിതാവാണ്, ടീച്ചറുമാണ്, പഠിപ്പിക്കുന്ന ആളാണ്. എല്ലാവർക്കും സദ്ഗതി ചെയ്യുന്ന സത്ഗുരു സുപ്രീം ഗുരുവുമാണ്. ബാബയെ സർവ്വവ്യാപിയെന്ന് പറയാൻ സാധിക്കില്ല. ബാബ സൃഷ്ടിയുടെ ആദി-മധ്യ-അന്ത്യത്തിന്റെ രഹസ്യം പറയുന്നു. മനുഷ്യർ ഓർമ്മിക്കുന്നു - അല്ലയോ പതിതപാവനാ വരൂ, സർവ്വരുടേയും സത്ഗതിദാതാ വരൂ എല്ലാവരുടേയും ദു:ഖത്തെ ഹരിച്ച്, സുഖം നൽകൂ. അല്ലയോ ഗോഡ്ഫാദർ, അല്ലയോ മുക്തിദാതാ ഞങ്ങളുടെ ഗൈഡ് ആയി മാറൂ - കൂടെക്കൊണ്ടുപോകൂ. ഈ രാവണരാജ്യത്തിൽനിന്നും മുക്തമാക്കൂ. രാവണരാജ്യം ലങ്കയിലല്ല. ഈ മുഴുവൻ ഭൂമിയും, ഈ സമയം രാവണരാജ്യമാണ്. രാമരാജ്യം കേവലം സത്യയുഗത്തിൽ മാത്രമാണ്. ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ എത്ര ആശയക്കുഴപ്പത്തിലാണ്.

ഇപ്പോൾ നിങ്ങൾക്ക് ശ്രീമത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ് ശ്രേഷ്ഠരായി മാറുന്നതിനുവേണ്ടി. സത്യയുഗത്തിൽ ഭാരതം ശ്രേഷ്ഠാചാരികളുടേതായിരുന്നു. പൂജ്യരായിരുന്നു. ഇപ്പോഴും ദേവതകളെ പൂജിച്ചുകൊണ്ടിരിക്കുന്നു. ഭാരതത്തിൽ ബൃഹസ്പതിദശയുണ്ടായിരുന്നത് സത്യയുഗത്തിലായിരുന്നു. ഇപ്പോൾ രാഹുവിന്റെ ദശയിൽ നോക്കൂ ഭാരതത്തിന്റെ അവസ്ഥ എന്തായി. എല്ലാവരും അധാർമ്മികരായി മാറി. ബാബ ധാർമ്മികരാക്കി മാറ്റുകയാണ്, രാവണൻ അധാർമ്മികരാക്കി മാറ്റുന്നു. പറയാറുണ്ടല്ലോ രാമരാജ്യം വേണമെന്ന്. അതിനർത്ഥം ഇപ്പോൾ രാവണരാജ്യമെന്നല്ലേ. നരകവാസികളാണ്. രാവണരാജ്യത്തെ നരകമെന്ന് പറയുന്നു. സ്വർഗ്ഗവും നരകവും പകുതി പകുതിയാണ്. ഇതും നിങ്ങൾ കുട്ടികൾക്കറിയാം - രാമരാജ്യമെന്ന് എന്തിനെ പറയുന്നു, രാവണരാജ്യമെന്ന് എന്തിനെ പറയുന്നു? ആദ്യമാദ്യം നിശ്ചയബുദ്ധിയുള്ളവരായി മാറണം. ബാബ നമ്മുടെ പിതാവാണ്, നമ്മളെല്ലാ ആത്മാക്കളും സഹോദരങ്ങളാണ്. ബാബയിൽനിന്നും എല്ലാവർക്കും സമ്പത്ത് ലഭിക്കാനുള്ള അവകാശമുണ്ട്. ലഭിച്ചിരുന്നു. ബാബയാണ് രാജയോഗം പഠിപ്പിച്ച് സുഖധാമത്തിന്റെ അധികാരിയാക്കി മാറ്റിയിരുന്നത്. ബാക്കി എല്ലാവരും ശാന്തിധാമത്തിലേക്ക് പോകും. കുട്ടികൾക്കറിയാം വൃക്ഷപതി ചൈതന്യമാണ്. സത്ചിത്ത് ആനന്ദസ്വരൂപനാണ്. ആത്മാവ് സത്യമാണ്, ചൈതന്യമാണ്. ബാബയും സത്യമാണ്, ചൈതന്യമാണ്, വൃക്ഷപതിയാണ്. ഇത് തലകീഴായ വൃക്ഷമാണ്. വൃക്ഷത്തിന്റെ ബീജം മുകളിലാണ്. ബാബ വന്ന് മനസ്സിലാക്കിത്തരികയാണ് എപ്പോഴാണോ നിങ്ങൾ തമോപ്രധാനമായി മാറുന്നത് അപ്പോൾ ബാബ സതോപ്രധാനമാക്കി മാറ്റാൻ വരുന്നു. ഹിസ്റ്ററിയും ജ്യോഗ്രഫിയും ആവർത്തിക്കുന്നു. നിങ്ങൾ പറയുന്നത് ഹിസ്റ്ററിയും ജ്യോഗ്രഫിയും എന്നാണ്... ഇംഗ്ലീഷ് അക്ഷരം പറയരുത്. ഹിന്ദിയിൽ പറയും ഇതിഹാസ്-ഭൂഗോൾ. ഇംഗ്ലീഷ് എല്ലാവരും തന്നെ പഠിക്കുന്നുണ്ട്. ഭഗവാൻ ഗീത സംസ്കൃതത്തിൽ കേൾപ്പിച്ചു എന്നാണ് മനസ്സിലാക്കുന്നത്. ശ്രീകൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ് അവിടെ ഇതായിരുന്നു ഭാഷ, ഇങ്ങനെ എവിടേയും എഴുതിയിട്ടില്ല. ഭാഷയുണ്ട് തീർച്ചയായും. ഏത് രാജാക്കന്മാരുണ്ടോ അവരുടേതായ ഭാഷയുണ്ടാകും. സത്യയുഗത്തിലെ രാജാക്കന്മാർക്ക് തങ്ങളുടേതായ ഭാഷയുണ്ടാകും. സംസ്കൃതം അവിടെയില്ല. സത്യയുഗത്തിന്റെ രീതിയും സമ്പ്രദായങ്ങളും വേറെയാണ്. കലിയുഗത്തിലെ മനുഷ്യരുടെ ആചാര-രീതി വേറെയാണ്. നിങ്ങളെല്ലാവരും മീരയാണ്, നിങ്ങൾക്ക് കലിയുഗത്തിലെ ലോകമര്യാദകൾ, കുലമര്യാദകൾ ഇഷ്ടപ്പെടില്ല. നിങ്ങൾ കലിയുഗത്തിലെ ലോക മര്യാദകൾ ഉപേക്ഷിക്കുമ്പോൾ എത്ര കലഹമുണ്ടാകുന്നു. നിങ്ങൾക്ക് ബാബ ശ്രീമത്ത് നൽകുകയാണ് - കാമം മഹാശത്രുവാണ്, ഇതിന്റെമേൽ വിജയം പ്രാപ്തമാക്കൂ. ജഗത്ജീത്തായി മാറിയവരുടെ ചിത്രം മുന്നിലുണ്ട്. നിങ്ങൾക്ക് പരിധിയില്ലാത്ത ബാബയിൽ നിന്നും നിർദ്ദേശം ലഭിച്ചു. വിശ്വത്തിൽ ശാന്തി എങ്ങനെ സ്ഥാപിക്കും. ശാന്തിദേവനെന്ന് പറയുന്നതിലൂടെ ബാബയുടെ ഓർമ്മ വരും. ബാബ വന്ന് കൽപ കൽപം വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നു. കൽപ്പത്തിന്റെ ആയുസ്സിനെ നീട്ടിയതിലൂടെ മനുഷ്യർ കുംഭകർണ്ണന്റെ ഉറക്കത്തിൽ പെട്ടുപോയി.

ആദ്യമാദ്യം മനുഷ്യർക്ക് ഈ പക്കാ നിശ്ചയം ചെയ്യിക്കൂ ബാബ നമുക്ക് പിതാവാണ്, ടീച്ചറാണ്, ടീച്ചറെ എങ്ങനെ സർവ്വവ്യാപിയെന്ന് പറയും. നിങ്ങൾ കുട്ടികൾക്കറിയാം ബാബ എങ്ങനെയാണ് വന്ന് നമ്മളെ പഠിപ്പിക്കുന്നത്. നിങ്ങൾക്ക് ബാബയുടെ ജീവചരിത്രം അറിയാം. ബാബ വരുന്നത് തന്നെ- നരകത്തെ സ്വർഗ്ഗമാക്കി മാറ്റാനാണ്. ടീച്ചറുമാണ് പിന്നീട് കൂടെക്കൊണ്ടുപോകും. ആത്മാക്കൾ അവിനാശിയാണ്. തന്റെ പാർട്ട് പൂർണ്ണമായും അഭിനയിച്ച് വീട്ടിലേക്ക് പോകുന്നു. വീട്ടിലേക്ക് പോകാൻ ഗൈഡ് വേണമല്ലോ. ദു:ഖത്തിൽനിന്നും മുക്തമാക്കി പിന്നെ ഗൈഡായി മാറി എല്ലാവരേയും കൂടെ കൊണ്ടുപോകും. ശരി. വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും

പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം –

1. കലിയുഗത്തിലെ ലോകമര്യാദകളും കുലമര്യാദകളും ഉപേക്ഷിച്ച് ഈശ്വരീയ കുലത്തിന്റെ മര്യാദകളെ ധാരണ ചെയ്യണം. അശരീരിയായ ബാബ എന്താണോ കേൾപ്പിക്കുന്നത് അത് അശരീരിയായി ഇരുന്ന് കേൾക്കാനുള്ള അഭ്യാസം പക്കായാക്കണം.

2. പരിധിയില്ലാത്ത ബാബ, അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവുമാണ്, ഈ വ്യത്യാസം എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കണം. പരിധിയില്ലാത്ത അച്ഛൻ സർവ്വവ്യാപിയല്ല എന്ന് തെളിയിക്കണം.

### വരദാനം:– പരിധിയുള്ള അഹംഭാവത്തിൽ നിന്നും കോപത്തിൽ നിന്നും മാറി ആത്മീയ ഭാവത്തിലിരിക്കുന്ന പ്രീതബുദ്ധിയായി ഭവിക്കട്ടെ.

പല കുട്ടികളും പരിധിയുള്ള സ്വഭാവ–സംസ്കാരങ്ങളുടെ വളരെ അഹംഭാവവും കോപവും കാണിക്കുന്നു. എവിടെ എന്റെ സ്വഭാവം, എന്റെ സംസ്കാരം ഈ ശബ്ദം വരുന്നുവോ അവിടെ അങ്ങനെയുള്ള അഹംഭാവവും കോപവും ആരംഭിക്കുന്നു. ഈ എന്റെ ശബ്ദം തന്നെ വട്ടം കറക്കുന്നു. എന്നാൽ ഏതാണോ ബാബയിൽ നിന്ന് ഭിന്നമായിട്ടുള്ളത് അത് എന്റേതേ അല്ല. എന്റെ സ്വഭാവം ബാബയുടെ സ്വഭാവത്തിൽ നിന്ന് വ്യത്യസ്തമാകുക സാധ്യമല്ല, അതിനാൽ പരിധിയുള്ള അഹംഭാവത്തിൽ നിന്നും കോപത്തിൽ നിന്നും മാറി ആത്മീയ ഭാവത്തിലിരിക്കൂ. പ്രീതബുദ്ധിയുള്ളവരായി സ്നേഹത്തിന്റെ പ്രീതിയുടെ ഭാവം കാണിക്കൂ.

### സ്ലോഗൻ:– ബാബയോടും സേവനത്തിനോടും പരിവാരത്തോടും സ്നേഹമുണ്ടെങ്കിൽ പ്രയത്നത്തിൽ നിന്നും മുക്തമാകും.